LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പരാതിയുണ്ടെങ്കിൽ ആദ്യമായി ഭാര്യയല്ലേ പരാതി തരേണ്ടത് ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : അപ്പോൾ ഭാര്യയെപ്പറ്റിയുള്ള അങ്ങയുടെ അഭിപ്രായം എനിക്ക് മനസ്സിലായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : എന്നെക്കുറിച്ച് പറഞ്ഞതു കൊണ്ടുമാത്രം ഞാൻ അതിനെക്കുറിച്ച് പറയാൻ വന്നതാണ്. പരാതിയുണ്ടെങ്കിൽ ഭാര്യയല്ലേ വരേണ്ടത് ? ഭാര്യയുടെ പേരിൽ പണം തട്ടിയെടുക്കാൻ നടക്കുന്ന ഒരാളിന്റെ പെറ്റീഷനിൽ ഇങ്ങനെ ഒന്ന് പറയേണ്ടിവരുന്നത് ദുഃഖകരമല്ലേ ? ഈ 30 ലക്ഷം രൂപയിൽനിന്ന് ഒരംശം തട്ടിയെടുക്കാൻ നടക്കുന്ന ഒരാളിന്റെ പരാതി വച്ച് പറയാമോ ? മരിച്ച ആളിന്റെ ഭാര്യയുടെ പരാതി ലഭിച്ചാൽ തീർച്ചയായും നടപടി സ്വീകരിക്കും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സ്വന്തം സഹോദരന്റെ വേർപാടിനെപ്പറ്റി അവർ ദുഃഖിതയാണ്, അവർ ആ പരാതി തന്നതുകൊണ്ട് ആ പണത്തിന്റെ ഓഹരി കിട്ടാൻവേണ്ടി, ഓഹരി കണക്കുകാരിയായി അവരെ ചിത്രീകരിച്ചത് നല്ലതാണോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാൻ പറഞ്ഞതല്ല, എന്നോട് അങ്ങയുടെ പാർട്ടിയിൽപ്പെട്ട രമേശൻ പറഞ്ഞതാണ്.

(2) തിരുവനന്തപുരം ജവഹർ ബാലഭവൻ സർക്കാർ ഉടമസ്ഥതയിൽ നിലനിർത്തണമെന്ന ആവശ്യം

ശ്രീ. പിരപ്പൻകോട് മുരളി : സർ, തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗത്ത് കനകക്കുന്ന് കൊട്ടാരത്തിനു സമീപം പ്രവർത്തിക്കുന്ന ജവഹർ ബാലഭവൻ സ്ഥിതി ചെയ്യുന്ന രണ്ടര ഏക്കർ സ്ഥലം റവന്യൂ വകുപ്പിലെ ചില ഉന്നത ഉദ്യോഗസ്ഥരുടെ സഹായത്തോടെ ലയൺസ് ക്ലബ് പതിച്ചെടുക്കാൻ അണിയറനീക്കങ്ങൾ നടത്തുകയാണ്. ബാലഭവൻ സ്ഥാപിക്കുന്നതിന് കനകക്കുന്ന് വളപ്പിൽ നിന്ന് സർക്കാർ 26-12-1966-ൽ രണ്ടര ഏക്കർ സ്ഥലം 30 വർഷത്തേക്ക് പാട്ടത്തിന് ലയൺസ് ക്ലബിന് നൽകിയതാണ്. 1970-ൽ ജവഹർ ബാലഭവന്റെ പ്രവർത്തനം ആരംഭിച്ചു. 25-12-1996-ൽ 30 വർഷത്തെ പാട്ടക്കാലാവധി തീർന്ന മുറയ്ക്ക് സ്ഥലം ഗവൺമെന്റ് ഏറ്റെടുത്തു. ജവഹർ ബാലഭവന്റെ ഗവേണിംഗ് ബോഡി പുനഃസംഘടിപ്പിച്ച് ഭൂമിയും ബാലഭവനും സർക്കാർ ഏറ്റെടുത്തതിനെതിരെ ലയൺസ് ക്ലബ്ബ് ഹൈക്കോടതിയെ സമീപിച്ചു. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ അഭിപ്രായം ഒരു മാസത്തിനകം അറിയിക്കണമെന്ന് കോടതി ആവശ്യപ്പെട്ടുവെങ്കിലും ഗവൺമെന്റിനുവേണ്ടി മറുപടി നൽകാൻ മൂന്നുമാസത്തെ സാവകാശം ഇപ്പോൾ ചോദിച്ചിരിക്കുകയാണ്. 13-11-1995-ലെ പാട്ട നിയമം അനുസരിച്ച് പാട്ടം പുതുക്കണമെങ്കിൽ വസ്തുവിന്റെ മാർക്കറ്റ് വിലയുടെ 10 ശതമാനം പ്രതിവർഷം പാട്ടം നൽകണമെന്നാണ്. ഒരു സെന്റ് വസ്തുവിന് 50 ലക്ഷത്തിലേറെ രൂപ മതിപ്പ് വിലയുള്ള ജവഹർ ബാലഭവന്റെ രണ്ടര ഏക്കർ ഭൂമിക്ക് ഒരു വർഷം തന്നെ കോടിക്കണക്കിന് രൂപ പാട്ടം കൊടുക്കേണ്ടിവരും. ഇത് ഒഴിവാക്കാനാണ് പാട്ടവ്യവസ്ഥ ഇളവ് ചെയ്ത് ഭൂമി പതിപ്പിച്ച് എടുക്കാൻ ശ്രമം നടക്കുന്നത്.

നഗരത്തിലെ കുട്ടികളുടെ ഏക കലാപഠന സ്കൂളായ ജവഹർ ബാലഭവനും സ്ഥലവും ഗവൺമെന്റ് ഉടമയിൽ നിലനിർത്തണമെന്നും ലയൺസ് ക്ലബ്ബ് അടക്കമുള്ള സ്വകാര്യ സ്ഥാപനങ്ങൾക്ക് പതിച്ചുകൊടുക്കരുതെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്, അത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഗവൺമെന്റ് അതുസംബന്ധിച്ച് എല്ലാവശവും പരിശോധിച്ച് താമസംവിനാ ഉത്തരവ് പുറപ്പെടുവിക്കും.

(3) പാലങ്ങളുടെ നിർമ്മാണത്തിന് നബാർഡ് ധനസഹായം

ശ്രീ. കെ. മുഹമ്മദാലി: സർ, ആലുവ നിയോജകമണ്ഡലത്തിലെ എടമുളക്കടവ്, കുഞ്ഞിണ്ണിക്കര ഉൾപ്പെടെയുള്ള പാലങ്ങളുടെ നിർമ്മാണം നബാർഡിന്റെ ധനസഹായത്തിനുവേണ്ടി നൽകിയിട്ടുള്ള അനുമതി ലഭിക്കുന്നതിലെ കാലതാമസംമൂലം ഇന്ന് വളരെ ബുദ്ധിമുട്ടിലായിരിക്കുകയാണ്. നബാർഡിന്റെ അനുമതി ലഭിക്കുന്നതിന് മുമ്പുതന്നെ അടിയന്തിരമായി ഭരണാനുമതി നൽകി പാലത്തിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ച് അനുമതി കിട്ടുന്ന മുറയ്ക്ക് ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, കുഞ്ഞിണ്ണിക്കര പാലത്തിന്റെ വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കി നബാർഡിന്റെ ധനസഹായത്തിന് 575 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞു. അത് ഇപ്പോൾ നബാർഡിന്റെ ബോംബെയിലെ ഓഫീസിലുണ്ട്. എടമുളക്കടവ് പാലത്തിന്റെ വിശദമായ ഇൻവെസ്റ്റിഗേഷനും ഡിസൈനും തയ്യാറാക്കി നബാർഡിന്റെ ധനസഹായത്തിന് 422 ലക്ഷം രൂപയുടെ പ്രോജക്ട് ബോംബെയിൽ എത്തിച്ചിട്ടുണ്ട്; ഉടൻതന്നെ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത എടമുളക്കടവ് പാലത്തിന്റെ പണിക്ക് ആവശ്യമായ ഭൂമി മുൻകൂറായി ഏറ്റെടുക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന പണി ധൃതഗതിയിൽ നടന്നുവരുന്നു. ഇപ്പോൾ നബാർഡിൽ നിന്ന് ധനസഹായത്തിന് പ്രത്യേകിച്ച് വിവരങ്ങൾ ലഭിക്കാത്തതുകൊണ്ട് ഈ രണ്ട് പാലങ്ങളുടെയും പണി ഉടൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(4) ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങളിലെ പഞ്ചായത്തുകളുടെ കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി ചാർജ് പഞ്ചായത്തിന്റെ ഓൺ ഫണ്ടിൽനിന്ന് അടയ്ക്കാൻ പാടില്ലെന്ന് 21-11-2005-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് ഇറക്കി. വാട്ടർ അതോറിറ്റി 16-1-2003-ൽ ഇറക്കിയ ഉത്തരവിൽ പറയുന്നത് സിംഗിൾ വാട്ടർ സപ്ലൈ സ്കീം മുഴുവൻ പഞ്ചായത്ത് നടപ്പാക്കണമെന്നാണ്. ഒരുഭാഗത്ത് പഞ്ചായത്തുകൾ ഈ കുടിവെള്ള പദ്ധതി നടപ്പിലാക്കണമെന്ന് പറയുകയും മറുഭാഗത്ത് നടപ്പിലാക്കുന്ന പദ്ധതിക്ക് വൈദ്യുതി ചാർജ് അടയ്ക്കാൻ

LIBRARY ARCHIVES Kerala Legislative Assembly